പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 31 — 22.12.2010 ൽ മറുപടിയ്ക്ക്.

## പാലോളി കമ്മിറ്റി ശുപാർശകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. പാലോളി മുഹമ്മദ് കുട്ടി,
(തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സച്ചാർ കമ്മീഷൻ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾക്കായി ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ നിയമിതയായ കമ്മിറ്റി എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചത്; | (എ) | സച്ചാർ കമ്മീഷൻ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കാൻ രൂപീകരിച്ച പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ എട്ട് ഭാഗങ്ങളിലായി 83 ശുപാർശകൾ ചേർത്തിട്ടുണ്ട്. അതിൽ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ട പത്ത് ശുപാർശകൾ റിപ്പോർട്ടിന്റെ ഒമ്പതാം ഭാഗത്ത് പ്രത്യേകം ചേർത്തിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ ഏതെല്ലാം നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ; | (ബി) | ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറെ വകുപ്പദ്ധ്യക്ഷനാക്കിക്കൊണ്ട് ന്യൂനപക്ഷക്ഷേമവകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ളാർക്ക് തസ്തിക വീതം സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തു. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതിനും സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഇതിനകം 48 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തി അംഗത്വ വിതരണ നടപടികൾ പുരോഗമിക്കുന്നു. ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി 10 കോടി രൂപ അനുവദിച്ചു. ന്യൂനപക്ഷ പാക്കേജായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/ഹോസ്റ്റൽസ്റ്റൈപ്പന്റ് എന്നിവ ഏർപ്പെടുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. അഭ്യസ്ത വിദ്യരായ മുസ്ലീം യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുകയും, അവയിൽ മൂന്ന് എണ്ണം പ്രവർത്തനം തുടങ്ങുകയും ചെയ്തു. പെൺകുട്ടികൾക്കായി ടോയ്ലററുകളില്ലാത്ത തീരദേശത്തെ 606 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പുവരുത്തി 'പെൺകുട്ടികൾക്ക് ഉപയുക്തമായ ടോയ്ലററുകൾ' ശുചിത്വമിഷന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനുള്ള കമ്മിററികൾ എല്ലാ ജില്ലകളിലും രൂപീകരിച്ച് വിവരശേഖരണം നടത്തി വരുന്നു. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ നിലവിലുള്ള സ്ഥിതി പരിശോധിച്ചു വരുന്നു. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള മററ് പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതാധികാര കമ്മിററി വിലയിരുത്തുന്നുണ്ട്. ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. തീരപ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലുമുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുന്നോടിയായി ജില്ലയിലെ തീരപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുവാൻ എല്ലാ ജില്ലാകളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. അലിഗർ മുസ്ലീം സർവ്വകലാശാലയുടെ |

| | | | |
|---|---|---|---|
| | | | ഓഫ് കാമ്പസ് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ പ്രവർത്തനം ആരംഭിച്ചു. പാലോളി കമ്മിററി ശുപാർശ പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളിലുള്ള പുരോഗതി അവലോകനം എന്നിവയുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാന തല കമ്മിററിയും, ജില്ലാതല കമ്മിററികളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിന് വേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും എത്ര രൂപ ഏതെല്ലാം ഇനത്തിൽ ഇതിനകം ചെലവഴിച്ചു; | (സി) | കളക്ടറേററുകളിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷന്റെ പ്രവർത്തനത്തിന് 15,26,904/- രൂപയും, സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് വിതരണത്തിന് 3,17,56,602/- രൂപയും, പരിശീലനകേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് 16,10,153/- രൂപയും, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിക്കായി 10,39,97,663/- രൂപയും, ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് 2,79,912/- രൂപയും ഉൾപ്പെടെ 13,91,71,234/- രൂപ ഇതിനകം ചെലവഴിച്ചു. ഈ വർഷം (2010-11) ന്യൂനപക്ഷ ക്ഷേമത്തിനായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | (ഡി) | ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറെ വകുപ്പദ്ധ്യക്ഷനാക്കിക്കൊണ്ട് സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. വകുപ്പു രൂപീകരണത്തിന്റെ ഭാഗമായി എട്ടു പുതിയ തസ്തികകൾകൂടി സൃഷ്ടിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 32

22.12.2010 - ലെ മറുപടിക്ക്

# സമ്പൂർണ്ണ ഗ്രാമീണറോഡ് നവീകരണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ,<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി,<br>ശ്രീ.കെ.കുഞ്ഞിരാമൻ,<br>ശ്രീ.സാജുപോൾ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ആവിഷ്ക്കരിച്ച സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. സർക്കാർ ആവിഷ്ക്കരിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളും നഗരസഭകളും കൂടി ആകെ 10,484 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 8033 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 7080 പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ട് നിർവഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1240 പ്രവൃത്തികളുടെ നിർവഹണം പൂർത്തിയായിട്ടുണ്ട്. |
| (ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; | (ബി) വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം, റോഡ് മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ടിലെ മിച്ചം തുക എന്നിവ ഈ പദ്ധതിക്കായി വിനിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ 730 കോടി രൂപ ലഭ്യമാകും. പദ്ധതിക്കായി കൂടുതൽ തുക കണ്ടെത്തുന്നതിന്റെ ഭാഗമായി പശ്ചാത്തല മേഖലാ വിഹിതം 20-ൽ നിന്ന് 30 ശതമാനമായി |

മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം തുക ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 220 കോടി രൂപ ലഭിക്കുന്നതാണ്. രൂപ ലഭ്യമാക്കാൻ കഴിയും. ഇതിന് പുറമെ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 284 കോടി രൂപ അധിക വിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ആകെ 1334 കോടി രൂപ ലഭ്യമാകുന്നതാണ്.

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി എത്ര കോടി രൂപ കൂടി ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) അംഗീകരിച്ച പ്രവൃത്തികൾക്ക് മതിയായ തുക ലഭ്യമാണ്.

(ഡി) അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

(ഡി) ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ ആസൂത്രണ സമിതികൾ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. സംസ്ഥാന തലത്തിലും പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.33 | 22-12-2010-ന് മറുപടിക്ക്

സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.മാണി | ശ്രീ.പാലോളി മുഹമ്മദ്കുട്ടി, (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി എ.ഡി.ബി. വായ്പയായി എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് എ.ഡി.ബി.യു മായി സുസ്ഥിര നഗര വികസന പദ്ധതിയ്ക്കായി 1420.50 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടത്. ഇതിൽ 995 കോടി രൂപയാണ് എ.ഡി.ബി.യിൽ നിന്നും വായ്പയായി ലഭിക്കുന്നത്.<br>ടി വായ്പ എ.ഡി.ബി.യിൽ നിന്നും മുൻകൂറായി ലഭിക്കുന്നില്ല. ചെലവഴിക്കുന്ന മുറയ്ക്ക് റീ-ഇംപേഴ്സ്മെന്റായാണ് ലഭിക്കുന്നത്. നാളിതുവരെ 175 കോടി രൂപ റീ-ഇംപേഴ്സ്മെന്റായി അനുവദിച്ചിട്ടുണ്ട്. |
| ബി) ഈ വായ്പ തുക ഏതെല്ലാം മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് എത്ര വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) വേണ്ടിമാത്രമാണ് എ.ഡി.ബി. വായ്പ എടുക്കുന്നത്. ടി തുക കോർപ്പറേഷനുകൾക്ക് മുൻകൂറായി നൽകുന്നില്ല. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമായ തുകയാണ് കോർപ്പറേഷനുകൾക്ക് നൽകുന്നത്.<br>പദ്ധതി നടത്തിപ്പിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിലവിലുള്ള പദ്ധതി നിർവഹണ യൂണിറ്റുകൾക്ക് നാളിതുവരെ 231.17 കോടി രൂപ താഴെപ്പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.<br>തിരുവനന്തപുരം - 21.53 കോടി<br>കൊല്ലം - 47.28 കോടി<br>കൊച്ചി - 43.28 കോടി<br>തൃശ്ശൂർ - 65.30 കോടി<br>കോഴിക്കോട് - 53.78 കോടി<br>ആകെ - 231.17 കോടി |
| സി) | പ്രസ്തുത കോർപ്പറേഷനുകൾ ഏതെല്ലാം പദ്ധതികൾക്കാണ് ഈ തുക വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ; | സി) | കോർപ്പറേഷനുകൾ എ.ഡി.ബി. തുക വിനിയോഗിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | സുസ്ഥിര നഗരവികസന പദ്ധതികൾ എല്ലാം പൂർത്തിയാക്കിയോയെന്ന് വ്യക്തമാക്കുമോ; | ഡി) | സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത കോഴിക്കോട് റോഡ് വികസന പദ്ധതി (അരയിടത്തുപാലം - ഫ്ലൈ ഓവർ) പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ സ്വരാജ് റൗണ്ട് റോഡിന്റെ പണിയും പൂർത്തിയായിട്ടുണ്ട്.<br>കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ആകെ 90 പാക്കേജുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 37 പാക്കേജുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. 11 പാക്കേജുകളിൽ ബിഡ് ഇവാലുവേഷൻ നടന്നു വരുന്നു. 4 പാക്കേജുകളുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കി 38 പാക്കേജുകൾക്ക് വിശദമായ |

പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 2012 ജൂൺ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ അഞ്ച് നഗരങ്ങളിലേയും ചേരിപ്രദേശത്തെ വികസനത്തിനായി കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് അംഗൻവാടികൾ, പൊതുജനാരോഗ്യകേന്ദ്രങ്ങൾ, സാനിട്ടേഷൻ യൂണിറ്റുകൾ, അഴുക്കുചാൽ നവീകരണം മുതലായവ അടങ്ങിയ 143 പാക്കേജുകൾ പൂർത്തിയാക്കുകയും 112 എണ്ണം പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലുമാണ്.

താഴപ്പെറയുന്ന പ്രവർത്തനങ്ങൾ 70% ന് മുകളിൽ പൂർത്തിയായിട്ടുണ്ട്.

1)റോഡ് പുനരുദ്ധാരണ പ്രവൃത്തി - തൃശ്ശൂർ.

2)റോഡ് പുനരുദ്ധാരണ പ്രവൃത്തി - കോഴിക്കോട്.

3)റോഡ് പുനരുദ്ധാരണ പ്രവൃത്തി -കൊല്ലം

4)ഡ്രെയിനേജ് വർക്ക് - കൊല്ലം

5)ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങിക്കൽ, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, കൊച്ചി നഗരങ്ങളിൽ 90% ന് മുകളിൽ പൂർത്തിയായിട്ടുണ്ട്.

| | | |
|---|---|---|
| ഇ) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ | ഇ) സുസ്ഥിര നഗരവികസന പദ്ധതിയുടെ കാലാവധി 2012 |

| | | | |
|---|---|---|---|
| | എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | ജൂൺ വരെയാണ്. പദ്ധതികളെല്ലാം 2012 ജൂൺ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| എഫ്) | സുസ്ഥിര നഗരവികസന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ; | എഫ്) | സുസ്ഥിര നഗര വികസന പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തലത്തിൽ അവലോകനം നടത്താറുണ്ട്. |
| ജി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ; ഈ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ചും തുകവിനിയോഗം സംബന്ധിച്ചും ഏതെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ജി) | കെ.എസ്.യു.ഡി.പി. പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ഒരു കോർഡിനേഷൻ കമ്മിറ്റിയും, ശദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിക്കുകയും അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷൻതലത്തിൽ മേയറുടെ അദ്ധ്യക്ഷതയിൽ സിറ്റി ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും കെ.എസ്.യു.ഡി.പി. പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്.<br><br>എല്ലാ നാലുമാസം കൂടുമ്പോഴും എ.ഡി.ബി യും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പങ്കെടുക്കുന്ന ടി.പി.ആർ.എം (ട്രൈപാർട്ടിയേറ്റ് മീറ്റിംഗ്) കൂടുകയും പദ്ധതി അവലോകനം ചെയ്യുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ അതത് വർഷങ്ങളിൽ തുടങ്ങേണ്ട പ്രവൃത്തികളും ചെലവഴിക്കേണ്ട തുകയും നിശ്ചയിക്കാറുമുണ്ട്.<br><br>കൂടാതെ എല്ലാ മാസവും അഞ്ച |

കോർപ്പറേഷനുകളിലെയും പദ്ധതി പ്രവർത്തനങ്ങൾ കെ.എസ്.യു ഡി.പി. തലത്തിൽ വിലയിരുത്തുന്നതിനായി പ്രതിമാസ യോഗം നടത്താറുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് ഡയറക്ടറും, വകുപ്പ് സെക്രട്ടറിയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.

ഈ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ചും തുക വിനിയോഗം സംബന്ധിച്ചും ക്രമക്കേടുകൾ ശ്രദ്ധയി ൽപ്പെട്ടിട്ടില്ല. എന്നാൽ നിർവ്വഹണതലത്തിൽ കോൺട്രാക്ടറുടെയും പ്രവർത്ത നങ്ങൾ മോണിറ്ററിംഗ് നടത്തുന്ന കൺസൾട്ടന്റിന്റേയും ഇടയിലുള്ള തർക്കങ്ങൾ മൂലം കാലതാമസ മുണ്ടായിട്ടുണ്ട്. കൂടാതെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ്മൂലവും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (എച്ച്) ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകാമോ? | (എച്ച്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കോർപ്പറേഷനുകൾ എ.ഡി.ബി. തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| തിരുവനന്തപുരം | കൊല്ലം | കൊച്ചി | തൃശൂർ | കോഴിക്കോട് |
|---|---|---|---|---|
| സ്വിവറേജ് | സ്വിവറേജ് | സ്വിവറേജ് | -- | സ്വിവറേജ് |
| ഡ്രെയിനേജ് | ഡ്രെയിനേജ് | ഡ്രെയിനേജ് | ഡ്രെയിനേജ് | ഡ്രെയിനേജ് |
| റോഡ് നവീകരണം | റോഡ് നവീകരണം | റോഡ് നവീകരണം | റോഡ് നവീകരണം | റോഡ് നവീകരണം |
| -- | ജലവിതരണം | ജലവിതരണം | ജലവിതരണം | |
| -- | ഖരമാലിന്യ സംസ്കരണം | ഖരമാലിന്യ സംസ്കരണം | ഖരമാലിന്യ സംസ്കരണം | ഖരമാലിന്യ സംസ്കരണം |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 34 22-12-2010-ലെ മറുപടിയ്ക്ക്

## കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽ നിന്ന് പഞ്ചായത്തുകളെ ഒഴിവാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തുകളെ കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ആന്റ് (ബി) പഞ്ചായത്തുകൾക്കു മാത്രമായി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നതു വരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ആണ് എല്ലാ ഗ്രാമങ്ങളിലും നടപ്പിലാക്കിയിട്ടുള്ളത്. 6/06/2007-ൽ എല്ലാ പഞ്ചായത്തിലും പ്രസ്തുത ചട്ടങ്ങൾ ബാധകമാക്കുന്നതിനു മുമ്പു തന്നെ കേരളത്തിലെ 182 ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിരുന്നു. പഞ്ചായത്തുകൾക്കു മാത്രമായി, പഞ്ചായത്തിന്റെ സ്വഭാവം കണക്കിലെടുത്ത് പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അവയിൽ സിംഗിൾ ഫാമിലി റെസിഡൻഷ്യൽ ബിൽഡിംഗ്, ചെറുകിട കച്ചവട സ്ഥാപനങ്ങൾ, ചെറുകിട/ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയെ പെർമിറ്റിൽ നിന്നും ഒഴിവാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) 2007 ജൂൺ മുതൽ ഗ്രാമ പഞ്ചായത്തുകളിലും ബാധകമാക്കിയ കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽ നിന്ന് പഞ്ചായത്തുകളെ ഒഴിവാക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | |

| | | | |
|---|---|---|---|
| (സി) | ഭൂമിയുടെ തരം നിശ്ചയിക്കുന്ന [illegible] പഞ്ചായത്തുകളിൽ തണ്ണീർത്തട പ്രാദേശിക നിരീക്ഷണ സമിതി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ ഇതിനകം രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിച്ചുകൊണ്ട് കൃഷി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഈ സമിതി ഇതിനകം രൂപീകരിക്കാത്തതുകാരണം വീട് നിർമ്മാണത്തിനും മറ്റും അനുമതി ലഭിക്കാതെ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35 22-12-2010-ൽ മറുപടിയ്ക്ക്

## ഉൾനാടൻ മത്സ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീ.എ.എം.ആരിഫ്

ശ്രീ.വി. എൻ.വാസവൻ

ശ്രീ.എം.കെ.പുരുഷോത്തമൻ

ശ്രീ.സി.കെ.സദാശിവൻ

മറുപടി

ശ്രീ. എസ്. ശർമ്മ:

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വിശദമാക്കാം. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്: സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മത്സ്യകർഷക ഏജൻസികൾ വഴി മത്സ്യ/ആറ്റുകൊഞ്ച്, ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജല കൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യ കൃഷിയും മത്സ്യോൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 10,000- ഹെക്ടർ ജലപ്രദേശങ്ങളിൽ മൂന്നു വർഷമായി ശുദ്ധജല/ഓരുജല മത്സ്യകൃഷി നടപ്പാക്കി വരുന്നു. ഇതിനു പുറമെ അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ |

| | |
|---|---|
| | നെൽകൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതിയും കോൾ നിലങ്ങളിൽ ആററുകൊഞ്ച് കൃഷിയും നടപ്പാക്കിവരുന്നു. കൂടാതെ ആഗോളമാന്ദ്യത്തിന്റെ കെടുതിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പദ്ധതിയുടെ ഭാഗമായി കൂടുകളിലെ മത്സ്യകൃഷി നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ എറണാകുളം ജില്ലകളിലായി 50 കൂടുകൃഷി യൂണിററുകൾ വ്യക്തികൾ/സ്വയം സഹായ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു. വിദർഭ പാക്കേജ് വഴി മത്സ്യകൃഷി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിവരുന്നു. എൻ.എഫ്.ഡി.ബി. ധനസഹായത്തോടെ 7 റിസർവോയറുകളിൽ മത്സ്യ/ആററുകൊഞ്ച് കൃഷി പാലക്കാട് ജില്ലയിൽ നടപ്പാക്കി. കൂടാതെ 16 റിസർവോയറുകളിൽകൂടി മത്സ്യകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആർ.കെ.വി.വൈ പ്രകാരം ആററുകൊഞ്ച് /കരിമീൻ/ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. കരിമീനിനെ സംസ്ഥാന മത്സ്യമായി പ്രഖ്യാപിക്കുകയും കരിമീൻ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| (ബി) ഇതിന്റെ ഫലമായി ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ എന്തു മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | (ബി) ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ 1.26 ലക്ഷം ടൺ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി എത്ര മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ; | (സി) മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി 10,63,55,292 ചെമ്മീൻ കുഞ്ഞുങ്ങളെയും 1,11,370 കരിമീൻ കുഞ്ഞുങ്ങളെയും 13825 കണമ്പ് കുഞ്ഞുങ്ങളെയും 4,48,55,662 മത്സ്യ കുഞ്ഞുങ്ങളെയും 41,44,263 ആററുകൊഞ്ച് |

| | |
|---|---|
| | കുഞ്ഞുങ്ങളേയും വിതരണം ചെയ്തു. |
| (ഡി)മത്സ്യകർഷക ക്ലസ്ററുകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി)മത്സ്യകർഷക ക്ലബുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർക്ക് പ്രോത്സാഹനമായി മാസം തോറും 2500 രൂപ വരെ പ്രതിഫലം നൽകിവരുന്നു. സംസ്ഥാനത്താകെ മെച്ചപ്പെട്ട പ്രവർത്തനം നടത്തി വരുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യകർഷക ക്ലബുകൾക്ക് സ്വന്തമായി കെട്ടിടം, വല, പമ്പ് സെറ്റ്, ഫിഷ് ബൂത്ത് (വിൽപ്പന കൗണ്ടർ) തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുന്നതിനായി പരമാവധി 5 ലക്ഷം രൂപ വരെ ധന സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |
| (ഇ) ഉൾനാടൻ മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ)മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മത്സ്യകേരളം പദ്ധതി പ്രകാരം വിളവെടുക്കുന്ന മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് അതത് പ്രദേശങ്ങളിൽ വിളവെടുപ്പ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വേണ്ടത്ര പ്രചാരണം നടത്തുന്നതിനും ഡിമാൻഡ് അനുസരിച്ച് മത്സ്യം പിടിച്ച് വിൽക്കുന്നതിനും മത്സ്യഫെഡിന്റെ കീഴിലുള്ള സംഘങ്ങളേയും ഇതര സംഘങ്ങളേയും മാർക്കറ്റിൽ ഇടപെടുവിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 36

22-12-2010 ൽ
മറുപടിയ്ക്ക്

### ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആകർഷകമാക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി:<br>ശ്രീ. എ.സി.മൊയ്തീൻ:<br>ശ്രീ. എ.എം.യൂസഫ്:<br>ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ വർഷത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ വിപുലവും ആകർഷക വുമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഈ വർഷത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ 101 കിലോ സ്വർണ്ണമാണ് സമ്മാനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഫെസ്റ്റിവലിന് വിപുലമായ രീതിയിലുള്ള പരസ്യ പ്രചാരണങ്ങൾ കേരളത്തിനകത്തും പുറത്തും നൽകിവരുന്നുണ്ട്. ഏകദേശം 15 കോടി രൂപയുടെ പരസ്യ പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. കേരളത്തിനു പുറത്തു നിന്നുള്ള ഉപഭോക്താ ക്കളെ ആകർഷിക്കുന്നതിനായി വാറ്റ് റീഫണ്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷവും ഫെഡറൽ ബാങ്കാണ് ഫെസ്റ്റിവലിന്റെ ടൈറ്റിൽ സ്പോൺസർ ആയിട്ടുള്ളത്. സമാപന സമ്മേളനത്തിലും ആറ് ആഴ്ചകളിലായി നറുക്കെടുപ്പിനോടനുബന്ധിച്ചും സംഘടിപ്പിക്കുന്ന കലാവിരുന്നുകളിൽ ചലച്ചിത്രമേഖലയിൽ നിന്ന് ഉൾപ്പെടെയുള്ള പ്രമുഖ കലാകാരൻമാരെ പങ്കെടുപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനു പുറമെ, ഫെസ്റ്റിവലിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ പ്രത്യേക റോഡ് ഷോയും നടന്നുവരുന്നുണ്ട്. |
| ബി) എത്ര വ്യാപാര സ്ഥാപനങ്ങൾ ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഈ വർഷത്തെ ഫെസ്റ്റിവലിൽ ഇതുവരെ 6183 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10% അധിക തുക നൽകി തുടർന്നും സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്യാനുള്ള അവസരവും നിലവിലുണ്ട്. |
| സി) ഫെസ്റ്റിവലിൽ എത്ര കോടി രൂപയുടെ വ്യാപാരമാണ് പ്രതീക്ഷിക്കുന്നത്; | സി) കഴിഞ്ഞവർഷം ഏതാണ്ട് 2200 കോടി രൂപയുടെ അധിക വിൽപന ഉണ്ടായിട്ടുണ്ട്. ഈ വർഷം 3000 കോടി രൂപയുടെ അധിക വിൽപന പ്രതീക്ഷിക്കുന്നുണ്ട്. |

| | |
|---|---|
| ഡി) സമ്മാന പദ്ധതികൾക്കായി എത്ര കോടി രൂപ ചെലവഴിക്കുമെന്നാണ് പ്രതീക്ഷി ക്കുന്നത്; | ഡി) ഏകദേശം 23 കോടി രൂപയുടെ സമ്മാന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ 19 കോടി രൂപ സ്വർണ്ണ സമ്മാനങ്ങൾക്കും 4 കോടി രൂപ കൈത്തറി ഉൽപ്പന്നങ്ങൾ, കശുവണ്ടി ഉൽപ്പന്നങ്ങൾ തുടങ്ങിയ സ്ക്രാച്ച് ആന്റ് വിൻ സമ്മാനങ്ങൾ നൽകുന്നതിനു വേണ്ടിയാണ് ചെലവഴിക്കുന്നത്. |
| ഇ) ഫെസ്റ്റിവലിൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഇ) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഈ വർഷത്തെ ഫെസ്റ്റിവലിന്റെ പ്രചാരണം കൂടുതൽ വിപുലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അന്യഭാഷ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചാരണത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. കൂടാതെ ഇന്റർനെറ്റിലൂടെയും പ്രചാരണം നൽകി വരുന്നുണ്ട്. കേരളത്തിനു പുറത്ത് പരസ്യം നൽകുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ചെലവാകുന്ന തുകയുടെ ഒരു ഭാഗം തിരികെ നൽകുന്നുണ്ട്.<br>കേരളത്തിനു പുറത്തുനിന്ന് എത്തുന്നവർക്ക് ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും പർച്ചേസ് നടത്തുമ്പോൾ നൽകേണ്ടി വരുന്ന വാറ്റ് നികുതി തിരികെ നൽകുന്ന ഒരു പദ്ധതിയും ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്. ജെറ്റ് എയർവേയ്സിന്റെ സഹകരണത്തോടെ വിമാന യാത്രാ ടിക്കറ്റുകൾ സമ്മാന ഇനത്തിൽ നൽകുന്നുണ്ട്. |
| എഫ്) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | എഫ്) വ്യവസായ വാണിജ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, നികുതി വകുപ്പ്, സിവിൽസപ്ലൈസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ടൂറിസം വകുപ്പാണ് ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 37

22.12.2010-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ. ഈ വർഷം 21-12-10 വരെ 362.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി. തൊഴിലുറപ്പ് പദ്ധതിയിൽ ഈ വർഷം ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു ; എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു ; | ബി. ഈ വർഷം 21-12-10 വരെ 2,38,05,895 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 8,93,384 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| സി. തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ തുക യഥാസമയം കേന്ദ്രത്തിൽ നിന്നും ലഭിക്കാതിരിക്കുന്നുണ്ടോ ; | സി. തുക ലഭിയ്ക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നുണ്ട്. |
| ഡി. ഈ തുക യഥാസമയം നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ? | ഡി. തുക യഥാസമയം ലഭിക്കുന്നതിനു വേണ്ടി സമയബന്ധിതമായി കേന്ദ്രസർക്കാരിന് ഫണ്ട് അപേക്ഷ നൽകുന്നതിന് എല്ലാ മുൻകരുതലുകളും സംസ്ഥാനം എടുത്തിട്ടുണ്ട്. കൂടാതെ യഥാസമയം ഫണ്ടനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് 16-11-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി തന്നെ കേന്ദ്രഗ്രാമവികസന-പഞ്ചായത്തിരാജ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേരള ഹൗസിലെ റസിഡന്റ് കമ്മീഷണർ, ഫണ്ട് ലഭ്യത ത്വരിതപ്പെടുത്തുവാനായി കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിലെ ഒരു ഉദ്യോഗസ്ഥനെ ഫണ്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ടി ന്യൂഡൽഹിയിലേയ്ക്ക് നിയോഗിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 38 | 22-12-2010-ലെ മറുപടിയ്ക്ക്

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ മൂലം വീടുവയ്ക്കുവാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ആർ.സെൽവരാജ് | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) | നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ മൂലം ജനങ്ങൾ വീടുവയ്ക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഇപ്പോൾ ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ബാധകമായിട്ടുള്ളത്. ഇതു മൂലം ചില ബുദ്ധിമുട്ടുകൾ വീടു വയ്ക്കുന്നതിന് ഉണ്ടായിട്ടുണ്ട്. |
| (ബി) | എങ്കിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണി ക്കുന്നുണ്ടോ; | (ബി) | ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കു പ്രത്യേകമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാ റാക്കി പ്രാബല്യത്തിൽ കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കെട്ടിട നിർമ്മാണ പെർമിറ്റു കൾ നൽകുന്നതിനുള്ള കാല താമസവും ഈ രംഗത്തുള്ള അഴിമതിയും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാ ക്കുന്നതിനായി കെട്ടിട നിർമ്മാണ അനുമതിക്കായി നഗരസഭകളിലും പഞ്ചായ ത്തുകളിലും ലഭിക്കുന്ന അപേക്ഷകളിൽ ആക്ഷേപങ്ങളൊന്നും ഇല്ലാത്ത പക്ഷവും, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ പത്രങ്ങളൊന്നും വേണ്ടാത്ത പക്ഷവും പ്രസ്തുത അപേക്ഷ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ച് നടപടി സ്വികരിക്കുവാൻ വേണ്ട സമയ ക്രമം നിശ്ചയിച്ചു സർക്കാരിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നഗരസഭകളിലും പഞ്ചായത്തുകളിലും പെർമിറ്റ് അപേക്ഷകൾ സമർപ്പിക്കുന്നതിനും അവ പരിശോധിച്ചു പെർമിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ നിശ്ചിത കാലാവധിക്കുള്ളിൽ തീരുമാനങ്ങൾഎടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. അനാവശ്യമായി അപേക്ഷകൾ കൈവശം വച്ച് കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.39. 22-12-2010 ൽ മറുപടിയ്ക്ക്.

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ. എ.സി.മൊയ്തീൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ബ്യൂറോയെ അറിയിക്കാൻ എല്ലാ ഓഫീസുകളിലും ബോർഡുകൾ സ്ഥാപിക്കുകയും, അതിൽ വിജിലൻസ് യൂണിറ്റ് ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം വിവരങ്ങൾ നൽകുന്നതിന് ബ്യൂറോയുടെ ആസ്ഥാനത്തും, നാല് മേഖലാ ആഫീസുകളിലും പ്രത്യേക ടെലിഫോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 29-11-2010 മുതൽ 4-12-2010 വരെ 'Vigilance Awareness Week' സംഘടിപ്പിക്കുകയും പ്രസ്തുത |

പരിപാടിയുടെ ഭാഗമായി സെമിനാറുകൾ, വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം, ഉപന്യാസമത്സരം തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തു. ഇതിലൂടെ ജനങ്ങളിൽ വിജിലൻസിനെ കുറിച്ച് ഒരു അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹായത്താൽ നടത്തി വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നൽകുന്ന പരിശീലനത്തിനു പുറമേ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അക്കാഡമിയിൽ അയച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു.

(സി) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ;

(സി) വിജിലൻസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫാക്സ്/സ്കാൻ മെഷീനുകൾ, വിവിധതരം ആധുനിക ക്യാമറകൾ, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഓൺലൈൻ വഴി പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴ, കോട്ടയം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ വിജിലൻസിന്റെ ഓഫീസ് കെട്ടിടങ്ങൾ

ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കോട്ടയത്ത് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതിയും, അഡീഷണൽ ലീഗൽ അഡ്വൈസറുടെ ഓഫീസും പുതിയതായി ആരംഭിച്ചു.

ജീവനക്കാർക്ക് സി-ഡാക്ക്- ൽ കമ്പ്യൂട്ടർ പരിശീലനം നൽകി വിജിലൻസ് കേസ്/അന്വേഷണം/രഹസ്യാന്വേഷണം/ മിന്നൽ പരിശോധന എന്നിവയുടെ വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

വിജിലൻസ് വകുപ്പിൽ SPARK നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) അഴിമതി ആരോപണം സംബന്ധിച്ച എത്ര കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നുവരുന്നത് ; അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) അഴിമതി ആരോപണം സംബന്ധിച്ച 505 വിജിലൻസ് കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നു വരുന്നത്. അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കൂടുതൽ വിജിലൻസ് കോടതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

(ഇ) വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോട്ടയത്ത് ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിച്ചിട്ടുണ്ട്. ഒരു വിജിലൻസ് കോടതി കൂടി രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 40

22/12/2010-ൽ മറുപടിക്ക്

## കുടുംബശ്രീ മുഖേനയുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹിം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി.പി.ഐഷാ പോറ്റി<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സാമ്പത്തിക ശാക്തീകരണ പദ്ധതികൾ<br>2) സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ<br>3) പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ<br>4) സാമൂഹ്യ ശാക്തീകരണ പദ്ധതികൾ<br>5) സംഘടനാ ശാക്തീകരണം/ പരിശീലനപരിപാടികൾ<br>6) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്ത ത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ<br>വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു |
| (ബി) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) വിവിധ മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്..വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |
| (സി) കുടുംബശ്രീ സംഘടനാസംവിധാനം കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് /നഗരസഭാ ജനപ്രതിനിധികൾക്ക് | (സി) കിലയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കായി നടത്തിവരുന്ന പരിശീലനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പരിശീലനത്തിനായി സംഘടനാസംവിധാനവും പ്രവർത്തനവും |

പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

സംബന്ധിയായി ഒരു കൈപ്പുസ്തകം കുടുംബശ്രീ തയ്യാറാക്കുകയും ആവശ്യമായ ഫാക്കൽറ്റികളെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും ജനപ്രതിനിധി കൾക്കും കുടുംബശ്രീ പങ്കാളിത്തത്തോടെ പ്രത്യേക പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുതല വിലയിരുത്തൽ സമിതികൾക്ക് കുടുംബശ്രീ പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

(ഡി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ?

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള മാസചന്ത, ബ്രാന്റിംഗ് പാക്കിംഗ് പ്രവർത്തനങ്ങൾ, സീസണൽ ഫെയറുകൾ, മാർക്കറ്റ് സെന്ററുകൾ, എന്നീ സംവിധാനങ്ങൾക്ക് പുറമെ ഡയറക്ട് മാർക്കറ്റിംഗ് ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, ജനകീയ വിപണന ശൃംഖലാ സംവിധാനം രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കെട്ടിടം അനുവദിക്കുന്ന പ്രദേശങ്ങളിൽ കുടുംബശ്രീയുടെ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉൽപന്നങ്ങളുടെ ഫലപ്രദമായ മാർക്കറ്റിംഗ് മാനേജ്മെന്റ് പിന്തുണയ്ക്കായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കാര്യക്ഷമമാക്കുന്നതിനും കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിനായി പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 41 22/12/2010 -ൽ മറുപടിയ്ക്ക്

## അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി.ഡി.സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). സംസ്ഥാനത്ത് അതിസുരക്ഷാ ജയിൽ സ്ഥാപിക്കണമെന്ന ആവശ്യം സാദ്ധ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>(ബി). ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയൊക്കെ അതിസുരക്ഷാ ജയിലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ; | (എ). യും (ബി) യും.<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി കേരളത്തിൽ ഒരു അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി). ഈ സാമ്പത്തികവർഷം ഇത്തരം അതിസുരക്ഷാ ജയിലിന്റെ നിർമ്മാണത്തിനായി എത്ര തുക വിനിയോഗിക്കാനാകും എന്ന് വെളിപ്പെടുത്തുമോ; | (സി). അതിസുരക്ഷാ ജയിൽ നിർമ്മിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കിയിട്ടില്ല. |
| (ഡി). പുതുതായി സ്ഥാപിക്കുന്ന അതിസുരക്ഷാ ജയിലിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുക എന്ന് വിശദമാക്കുമോ; | (ഡി). അതിസുരക്ഷാ ജയിലിൽ താഴെ പറയുന്ന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br>1. ചുറ്റുമതിലിന് മുകളിൽ വൈദ്യുതി പ്രവഹിക്കുന്ന കമ്പി വേലി<br>2. വാച്ച് ടവറുകൾ |

| | |
|---|---|
| | 3. ഫ്ളഡ് ലൈറ്റുകൾ<br>4. ഡോർഫ്രെയിം മെറ്റൽ ഡിറ്റക്ടറുകൾ<br>5. ഹാൻഡ്ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ<br>6. ബോഡിസ്കാനർ<br>7. ജയിലിനുള്ളിൽ സായുധരായ പാറാവുകാർ<br>8. ജയിൽ കോമ്പൗണ്ടിൽ സായുധ പോലീസ് സുരക്ഷാ സംവിധാനം<br>9. മൊബൈൽ ഫോൺ ജാമറുകൾ<br>10. സൂക്ഷ്മനിരീക്ഷണത്തിനായി ക്ലോസ്ഡ് സർക്യൂട്ട് ടി.വി. സംവിധാനം<br>11. തടവുകാരെ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ കോടതി മുൻപാകെ ഹാജരാക്കുന്ന സംവിധാനം |
| (ഇ). ഇത്തരം സുരക്ഷാ ജയിലിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഏതൊക്കെ കേന്ദ്ര ഏജൻസികളുടെ സഹായ സഹകരണങ്ങളാണ് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ? | (ഇ). അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പ് , ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് , ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആന്റ് അനാലിസിസ് വിംഗ് തുടങ്ങി ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെ സഹായസഹകരണങ്ങൾ തേടുന്നതാണ്. |

സെക്ഷൻ ആഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 42 — 22/12/2010-ൽ മറുപടിക്ക്

### അന്യ സംസ്ഥാന ലോട്ടറികളുടെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പോലീസ് അന്വേഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ.<br>ശ്രീ.എം.എ.വാഹീദ്.<br>ശ്രീ.എ.എ.ഷുക്കൂർ. | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികളുടെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് സംസ്ഥാന പോലീസ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട്.<br>ടി കേസുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) വിൽക്കാത്ത ടിക്കറ്റിന്റെ സമ്മാനം ലോട്ടറി പ്രൊമോട്ടർമാർ സ്വന്തമായി എടുക്കുന്നത് കള്ളപ്പണം വെളുപ്പിക്കാനും തീവ്രവാദ പ്രവർത്തനം നടത്തുന്നതിനും ഉപയോഗിക്കുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പ് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; | | (ബി), (സി)<br>അന്വേഷണാവസ്ഥയിലുള്ള സിക്കിം/ ഭൂട്ടാൻ ലോട്ടറി കേസുകളിൽ നടത്തി വരുന്ന അന്വേഷണങ്ങൾ മോണിട്ടർ ചെയ്യുന്നതിന് ഡോ.സിബി മാത്യുസ് ഐ.പി.എസിന്റെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് മേൽപ്പറഞ്ഞ കേസുകളുടെ അന്വേഷണം മോണിട്ടർ ചെയ്തു വരുന്നു. അന്വേഷണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) ഇത്തരം സാമ്പത്തിക ക്രമക്കേടുകൾ അന്യ സംസ്ഥാന ബന്ധമുള്ള തീവ്രവാദ കേസുകൾ എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിന് കേന്ദ്ര ഏജൻസികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | ഡി) | ആഭ്യന്തര വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച് കേന്ദ്ര ഏജൻസികളുടെ സഹായം ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ. 43</u>

<u>22-12-2010-ലെ മറുപടിക്ക്</u>

## <u>തെരുവ് നായ്ക്കളുടെ ശല്യം അവസാനിപ്പിക്കാൻ നടപടി</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.കെ.അച്ചുതൻ.<br>ശ്രീ.അടൂർ പ്രകാശ്. | ശ്രീ.പാലൊളി മുഹമ്മദ്കുട്ടി (ബഹു.തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തെരുവ് നായ്ക്കളുടെ ക്രമാതീതമായ വർദ്ധനവു മൂലം പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) തെരുവ് നായ്ക്കളുടെ ഉപദ്രവം ഇല്ലാതാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ട പൊതുവായ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു.സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001 -ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബിസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി വേണ്ടുന്ന കരാറി |

ലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തു വാനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) തെരുവ് നായ്ക്കളുടെ ശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും അവയ്ക്കായി ഷെൽട്ടർ സ്ഥാപിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ ;

(ഡി) തെരുവ് നായ്ക്കളുടെ കടിയേൽക്കുന്ന പൊതു ജനത്തിന് മതിയായ ചികിത്സാ സൗകര്യവും നഷ്ടപരിഹാരവും നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുണ്ടാകുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

(സി)
(ഡി) } ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 44

22.12.2010-ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ; | എ. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ ഒരു കോർഗ്രൂപ്പ് രൂപീകരിക്കുകയും എൻ.ആർ.എൽ.എം. നിർവ്വഹണത്തിനായുള്ള കരട് പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ദരിദ്ര കുടുംബങ്ങളിൽ നിന്ന് ഒരാളിനെയെങ്കിലും സ്വയംസഹായ സംഘങ്ങളിൽ അംഗങ്ങളാക്കുക, സ്വയംസഹായ സംഘങ്ങൾക്കായുള്ള പരിശീലനവും, ശേഷി വർദ്ധിപ്പിയ്ക്കൽ പരിപാടികളും സംഘടിപ്പിയ്ക്കുക, ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, മൂലധനസബ്സിഡി, പലിശസബ്സിഡി, അടിസ്ഥാന സൗകര്യവികസനം എന്നിവ ലഭ്യമാക്കുക എന്നിവയാണ് എൻ.ആർ.എൽ.എം. പദ്ധതിയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിയ്ക്കുന്ന പ്രധാന പരിപാടികൾ. |
| ബി. ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | ബി. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന നോഡൽ ഓഫീസറായി കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. കൂടാതെ, നോഡൽ ഓഫീസർ ഉൾപ്പെടെ 8 അംഗങ്ങളുള്ള ഒരു സംസ്ഥാന തല കോർഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷൻ സംവിധാനങ്ങളെ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥ പുന:ക്രമീകരണത്തോടെ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.<br>(1). <u>കുടുംബശ്രീ സംസ്ഥാന മിഷൻ</u>- ഒരു ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, വനിതാ-ശിശു പ്രോഗ്രാമുകളുടെ ചുമതലയുള്ള രണ്ട് സംസ്ഥാന കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സേവനം സംസ്ഥാന മിഷൻ തലത്തിൽ ലഭ്യമാകും. |

(2). കുടുംബശ്രീ ജില്ലാ മിഷൻ- അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ(വനിതാ ക്ഷേമം), ജില്ലാ വനിതാ ക്ഷേമാ ഓഫീസർമാർ എന്നിവരുടെ സേവനം ജില്ലാ മിഷൻ തലത്തിൽ ലഭ്യമാകും.

കൂടാതെ ബ്ലോക്ക് തലത്തിൽ ഒരു എക്സ്റ്റൻഷൻ ഓഫീസറുടെ (വനിതാ ക്ഷേമം) സേവനവും, ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും എൻ.ആർ.എൽ.എം. പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാകും. എൻ.ആർ.എൽ.എം. പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്ന ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരെ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിൽ നിന്നും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

എൻ.ആർ.എൽ.എം. പ്രോജക്റ്റ് രൂപീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 45 — 22/10/2010 ൽ മറുപടിയ്ക്ക്

## ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി. രാഘവൻ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ടി..പി.കുഞ്ഞുണ്ണി | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) | |
| (എ) | ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും വിലയിരുത്തുന്നുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ യോഗങ്ങളിലും ബ്ലോക്ക് / ജില്ലാ തലങ്ങളിൽ വിളിച്ചു ചേർക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗങ്ങളിലും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ പുരോഗതി പ്രതിമാസ റിപ്പോർട്ടുകളിലൂടെ സംസ്ഥാന തലത്തിലും വിലയിരുത്തുന്നുണ്ട്. നഗരസഭകളുടെ കാര്യത്തിൽ നഗരകാര്യ വകുപ്പ് മേഖലാ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്) മേഖലാടിസ്ഥാനത്തിൽ എല്ലാ മാസവും പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നതും സർക്കാർ തലത്തിൽ എല്ലാ മാസവും വിലയിരുത്തലുകൾ നടത്തി വരുന്നതുമാണ് |
| (ബി) | പദ്ധതി പ്രകാരം എത്ര വീടുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ അനുസരിച്ച് നടത്തിയ അർഹതാ പരിശോധനയുടെയും പുന:പരിശോധനയുടെയും അടിസ്ഥാനത്തിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് |

| | | | |
|---|---|---|---|
| (സി) | ഇതിനകം എത്ര വീടുകൾ പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) | 2007 ഏപ്രിൽ മുതൽ 30/11/2010 വരെ 3.5 ലക്ഷം വീടുകൾ പൂർത്തിയായിട്ടുണ്ട്. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; സഹകരണ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആകെ വിഹിതത്തിന്റെ 15 ശതമാനത്തിൽ കുറയാത്ത തുക ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് നീക്കിവെയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തുകൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നു 1534.14 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നഗരസഭകൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും 2,90,77,35,486/- രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഇ) | 2010-11 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (എഫ്) | പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ച വീടുകൾ പൂർത്തീകരിക്കുന്നതിനും വീട് അനുവദിക്കുന്നതിനും അർഹതയുള്ള ബാക്കി ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 46

22.12.2010-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. എൻ. ശക്തൻ :<br>ശ്രീ. കെ. ബാബു : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ വീഴ്ചകൾ എന്തൊക്കെയാണെന്ന് വിശകലനം നടത്തിയിട്ടുണ്ടോ ;<br><br>ബി. ഈ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന്റെ പ്രധാനകാരണങ്ങൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിട്ടുള്ളത് ; | എ. & ബി. വിശകലനം നടത്തിയിട്ടുണ്ട്. കേരളത്തിൽ പദ്ധതി ലക്ഷ്യം പൊതുവിൽ കൈവരിച്ചിട്ടുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരിമിതികൾ സംസ്ഥാനം നേരിടുകയാണ്.<br>1. പൊതുഭൂമിയുടെ അഭാവം.<br>2. പദ്ധതിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള 125/- രൂപ പ്രതിദിനമെന്ന, കുറഞ്ഞ കൂലി നിരക്ക്.<br>3. അവിദഗ്ദ്ധ കായികാധ്വാന പ്രധാനമായ തൊഴിലിനുള്ള ഡിമാന്റ് കുറവ്.<br>4. തീരപ്രദേശത്തും തോട്ടം മേഖലയിലും അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്. |
| സി. ഇത്തരം വീഴ്ചകൾ പരിഹരിച്ച് ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി. 1. ഗ്രാമപഞ്ചായത്തുകൾ നിർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ നടപടിയെടുത്തിട്ടുണ്ട്.<br>2. കേന്ദ്രസർക്കാരിനോട് കേരളത്തിലെ കർഷക തൊഴിലാളികളുടെ മിനിമം കൂലിയായ പ്രതിദിനം 200 രൂപയെന്ന നിരക്ക് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.-നും ബാധകമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേകം ഡാറ്റായും ഷെഡ്യൂൾ ഓഫ് റേറ്റും തയ്യാറാക്കുന്നതിന് വേണ്ടി പരീക്ഷണാർത്ഥം നടത്തിയ "വർക്ക്-ടൈം-മോഷൻ " സ്റ്റഡി 4 ജില്ലകളിൽ പൂർത്തീകരിച്ചു. പൂർണ്ണതോതിലുള്ള " വർക്ക്-ടൈം-മോഷൻ സ്റ്റഡി " എല്ലാ ജില്ലകളിലും നടന്നുവരുന്നു.

4. മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജന പദ്ധതികൾ ഏറ്റെടുത്ത് വരുന്നു.

5. സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുവാൻ ഊന്നൽ നൽകി വലിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

6. പ്രകൃതി വിഭവ സംരക്ഷണത്തിനു വേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. 2009-10-ൽ 50 ദിവസത്തിലധികം പദ്ധതിയിൽ പണിയെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും കിലോയ്ക്ക് 2 രൂപ നിരക്കിൽ അരിയും നൽകുകയു ചെയ്യുന്നു.

8. തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രീകരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതികൾ തയ്യാറാക്കുവാൻ വേണ്ട പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 48** **22.12.2010- ൽ മറുപടിക്ക്.**

## കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം നിലവിലുണ്ടോ ; എങ്കിൽ എത്രയിടങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; | : (എ) ഉണ്ട്.<br>തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നീ പോലീസ് ജില്ലകളിൽ ഈ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രീകൃത ലോക്കപ്പുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | : (ബി) കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. 'കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം' ഏർപ്പെടുത്തിയിരിക്കുന്ന പോലീസ് സ്റ്റേഷന്റെ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിരിക്കും 'കേന്ദ്രീകൃത ലോക്കപ്പ് സംവിധാന'ത്തിന്റെയും ചുമതലയുള്ള ഓഫീസർ. ടി ഓഫീസറുടെ സഹായിയായി ഒരു കസ്റ്റഡി ഓഫീസറെയും നിയമിച്ചിട്ടുണ്ട്. കസ്റ്റഡി ഓഫീസർ ഒരു |

റിസർവ്വ് സബ് ഇൻസ്പെക്ടർ ആയിരിക്കും. കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടത് ടി ഓഫീസറാണ്. ടി ഓഫീസറുടെ സഹായിയായി റിസർവ്വ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ/ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണത്തിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കുമായി സ്റ്റേഷൻ ഹൗസ് ഓഫീസർ/ കസ്റ്റഡി ഓഫീസർക്ക് അത്യാവശ്യ ഫണ്ട് നൽകാൻ പോലീസ് സൂപ്രണ്ടുമാർക്കും/പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കസ്റ്റഡിയിലുള്ള വ്യക്തികളുടെ പേരും, മേൽവിലാസവും പോലീസ് സ്റ്റേഷനിലെ നോട്ടീസ് ബോർഡിലും, ജില്ലാ പോലീസ് കൺട്രോൾ റൂമിലും പ്രദർശിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ: 49** **22.12.2010-ൽ മറുപടിക്ക്**

**വനിതാ ഹെൽപ്പ് ലൈൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസിന്റെ വനിതാ ഹെൽപ്പ് ലൈനിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത് ; | (എ) പോലീസിന്റെ വനിതാ ഹെൽപ്പ് ലൈനിൽ നിന്നും താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാകുന്നതാണ്.<br>1. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിന് 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കുന്നു. ടെലിഫോണി-ലൂടെയോ, നേരിട്ടോ ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നു.<br>2. പരാതിയിൻമേൽ കേസ് രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് കൈമാ-റുന്നു.<br>3. ഗാർഹിക പീഢനവുമായി ബന്ധപ്പെട്ട പരാതികളിൽ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് റിപ്പോർട്ട് അയ-ക്കുന്നു.<br>4. കൗൺസിലിംഗ് ആവശ്യമായ പരാതികളിൽ പ്രൊഫഷണൽ കൗൺ-സിലർമാരുടെ സേവനം ലഭ്യമാക്കുന്നു. |

| | |
|---|---|
| | 5. അശരണരും അഗതികളുമായ കുട്ടി-കളേയും സ്ത്രീകളേയും ഷോർട്ട് സ്റ്റേ ഹോമിലും (തണൽ) വൃദ്ധ സദനങ്ങളിലും ഏൽപിക്കുന്നു.<br>6. സ്ത്രീ സംഘടനകളുമായി സഹകരിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>7. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ തിരക്കേറിയ സ്ഥലങ്ങളിൽ പോലീസ് പട്രോൾ, ഷാഡോ പട്രോൾ, സ്ത്രീ സൗഹാർദ്ദ പ്രീപെയ്ഡ് ഓട്ടോ സർവ്വീസ് തുടങ്ങിയ പ്രവർത്ത-നങ്ങൾ നടത്തിവരുന്നു. |
| (ബി) സംസ്ഥാനത്ത് എത്ര വനിതാ ഹെൽപ്പ് ലൈൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; | (ബി) 17 എണ്ണം |
| (സി) സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികൾ പരിഗണിച്ചാണ് വനിതാ ഹെൽപ്പ് ലൈൻ പദ്ധതിക്ക് അന്തർദേശീയ അവാർഡ് ലഭിച്ചതെന്ന് വെളിപ്പെടു-ത്തുമോ ; | (സി) കേരളത്തിൽ ആവിഷ്കരിച്ച് നടപ്പി-ലാക്കി വരുന്ന കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ ഭാഗമായി സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള കുറ്റകൃത്യ-ങ്ങൾ തടയുന്നതിന് വനിതാ ഹെൽപ്പ് ലൈൻ ഉൾപ്പടെയുള്ള പദ്ധതികളിലൂടെ നൽകിയ ഫലപ്രദമായ സംഭാവനകൾ കൂടി കണക്കിലെടുത്ത് International Association of Women Police (IAWP) ന്റെ International Award 2010 ലഭിക്കുകയുണ്ടായി. സ്ത്രീകൾ-ക്കെതിരായുള്ള കുറ്റകൃത്യങ്ങൾ |

| | |
|---|---|
| | അന്വേഷിക്കുന്നതിനും, തടയുന്നതിനും പോലീസ് സ്റ്റേഷനുകളിലും മറ്റ് ഓഫീസുകളിലും വനിതാ ഹെൽപ്പ് ലൈൻ പദ്ധതിയിൽകൂടി സാധിച്ചി-ട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യ-ങ്ങൾ തടയുന്നതിനുള്ള പ്രവർത്തന-ങ്ങൾ ഊർജ്ജിതമാക്കിയിട്ടുള്ളതാണ്. |
| (ഡി) പെൺകുട്ടികളുടെ സുരക്ഷയ്ക്കായി എത്ര സ്ക്കൂളുകളിലും കോളേജുകളിലും പോലീസ് സഹകരണത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട് ; | (ഡി) 520 സ്ക്കൂളുകളിലും 76 കോളേജു-കളിലും 2 പോളി ടെക്നിക്കുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട് |
| (ഇ) ഇവയുടെ പ്രവർത്തനം വിലയിരു-ത്തിയിട്ടുണ്ടോ ; എങ്കിൽ വിശ-ദാംശം നൽകുമോ ? | (ഇ) വിലയിരുത്താറുണ്ട്. സ്ക്കൂളുകളിലും കോളേജുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. മൊബൈൽ - ഇന്റർനെറ്റ് ദുരുപയോഗം, ലൈംഗിക പീഡനം തുടങ്ങിയവയെക്കുറിച്ച് വനിതാ സെല്ലിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കൂടാതെ പൂവാല ശല്യം, ബസ്സ് യാത്രയ്ക്കിടയിലു-ണ്ടാകുന്ന പ്രശ്നങ്ങൾ, പരീക്ഷയു-മായി ബന്ധപ്പെട്ട മാനസിക പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് വനിതാ ഹെൽപ്പ് ലൈൻ, ക്രൈം സ്റ്റോപ്പർ, കൺട്രോൾ റൂം എന്നിവയുടെ പ്രവർത്ത-നങ്ങളിലൂടെ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

\\12

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 50

22.12.2010-ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് എം.പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിജിലൻസും ,വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തി യിട്ടില്ലായെന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; | എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മുഖ്യമായി ഡെസ്റ്റി നേഷൻ ഡെവലപ്മെന്റ് പദ്ധതിയിൽ വിവിധ ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി ആവിഷ്ക രിച്ച് നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ ചെറിയ ടൂറിസം പദ്ധതികൾ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്നു. ഡെസ്റ്റിനേ ഷനുകളുടെ അടിസ്ഥാന വികസനം ഒരുക്കുന്ന തിന് വേണ്ടിയും അവയുടെ പരിപാലനത്തിനു മായി 37 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺ സിലുകൾ അതാത് ബഹു: MLA മാരുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു കഴിഞ്ഞു. ഇതനു സരിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും വിനോദസഞ്ചാര സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്വകാര്യമേഖല യുടെ സഹകരണത്തോടെ 'വഴിയോരം' പദ്ധതി നടപ്പിലാക്കി വരുന്നു. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണ പദ്ധതികൾ കുടുംബശ്രീ മിഷന്റെ സഹകര ണത്തോടെ നടപ്പിലാക്കി വരുന്നത് തുടരുന്ന താണ്. 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ |

ഗ്രാമം' എന്ന പദ്ധതിയിൽപ്പെടുത്തി ഗ്രാമങ്ങളിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്ന നടപടി നടന്നു വരുന്നു. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മലബാറിലെ പ്രധാനപ്പെട്ട 20 റോഡുകളുടെ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ റോഡ് വികസന പദ്ധതികൾ നടന്നു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സാമൂഹ്യവിരുദ്ധരുടെ ശല്യം ഉണ്ടാകുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ, അത്തരക്കാരെ അമർച്ച ചെയ്യുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) | സംസ്ഥാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സഞ്ചാരികളുടെ തിരക്ക് വർദ്ധിക്കുന്ന അവസരത്തിൽ ലോക്കൽ പോലീസിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. |
| (ഡി) | എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സുരക്ഷാഗാർഡുകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എല്ലാം തന്നെ നിലവിൽ ടൂറിസം പോലീസിന്റേയും ലോക്കൽ പോലീസിന്റേയും സേവനം ലഭ്യമാണ്. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സുരക്ഷാ ഗാർഡുകളെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 51 — 22.12.2010- ൽ മറുപടിക്ക്.

## ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | : (എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചുവടെ കൊടുത്തിരിക്കുന്ന അത്യന്താധുനിക വാഹനങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വാട്ടർ ടെണ്ടർ, മിനി വാട്ടർ ടെണ്ടർ, അണ്ടർ വാട്ടർ ബിഎ സെറ്റ്, ബിഎ സെറ്റ്, ഡൈവിംഗ് സ്യൂട്ട്, ഫയർ എൻട്രി സ്യൂട്ട്, വെൽ ലിഫ്റ്റ്, മോഡേൺ ബ്രാഞ്ച് പൈപ്പ്, റോപ്പ് ലാഡർ, ചെയിൻസാ, ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, ഇൻഫ്ളാറ്റബിൾ എമർജൻസി ടവ്വർ ലൈറ്റിംഗ് സിസ്റ്റം, പോർട്ടബിൾ പമ്പ്, ഫോം കോമ്പൗണ്ട് എന്നിവ വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രകൃതി ദുരന്തമുണ്ടായാൽ ദുരന്ത നിവാരണ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം 10 കോടി രൂപ ഈ വകുപ്പിന് ലഭ്യമാക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങി വിവിധ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട് [**അനുബന്ധം** (I)]. തൃശ്ശൂർ നിലയത്തിൽ അത്യാവശ്യ സാമഗ്രികൾ വാങ്ങുന്നതിനായി 32.28 ലക്ഷം രൂപ ദുരിത നിവാരണ ഫണ്ടിൽ നിന്ന് അനുവദിച്ചു. ഇതു |

(മറുപുറം)

പ്രകാരം ഉപകരണങ്ങൾ വാങ്ങി തൃശ്ശൂർ നിലയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. നടപ്പു വർഷം ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് 9.30 കോടി രൂപ പ്ലാൻ സ്കീമിൽ ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് **അനുബന്ധം രണ്ടിൽ** പറയുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വൺ ടൈം സെൻട്രൽ അസിസ്റ്റൻസ് ആയി 22.50 കോടി രൂപ ഈ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് **അനുബന്ധം മൂന്നിൽ** പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നടപ്പു വർഷം ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 10 കോടി രൂപ കൂടി അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് **അനുബന്ധം-4**-ൽ പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഫോർട്ട് കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന ഫയർ ആന്റ്.റെസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് സ്കൂളിന് വിയ്യൂരിൽ 620 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയാക്കി 04.06.2007-ൽ പ്രവർത്തനം ആരംഭിച്ചു. 100 ലക്ഷം രൂപ ചെലവ് ചെയ്ത് സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

| | |
|---|---|
| (ബി) നവീകരണ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; | : (ബി) അഗ്നിശമന സേനയെ കാലോചിതമായി നവീകരിക്കുന്നതിനായി ഒറ്റത്തവണ കേന്ദ്ര സഹായമായി 22.50 കോടി രൂപയും പതിനൊന്നാം പഞ്ചവൽസര പദ്ധതി പ്രകാരം 316 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (സി) ഫയർ ഫോഴ്സ് വിഭാഗം ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | : (സി) ഉണ്ട്. ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിലേയ്ക്കായി, വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാഡമിയിൽ വിവിധയിനം കോഴ്സുകൾ നടത്തുകയും, പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളിൽ ഏതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ; | : (ഡി) കൊട്ടാരക്കര (കൊല്ലം ജില്ല), ഇരിട്ടി (കണ്ണൂർ ജില്ല), കൊടുവള്ളി (കോഴിക്കോട് ജില്ല), |
| (ഇ) ജോലിക്കിടെ അപകടത്തിൽപ്പെടുന്ന ഫയർഫോഴ്സ് ജീവനക്കാരെ സഹായിക്കുന്നതിനായി സഹായനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | : (ഇ) ജോലിയ്ക്കിടയിൽ അപകടത്തിൽപ്പെടുന്ന ജീവനക്കാരെ സഹായിക്കുന്നതിനായി പുതിയ വ്യവസ്ഥകൾ, നിർദ്ദിഷ്ട കരട് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തി സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 52

22.12.2010-ൽ മറുപടിയ്ക്ക്

മലബാർ പാക്കേജിലൂടെ ടൂറിസം കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | | ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |

ശ്രീമതി. കെ.കെ. ലതിക
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. കെ.സി.കുഞ്ഞിരാമൻ
ശ്രീമതി കെ.എസ്.സലീഖ

| | | | |
|---|---|---|---|
| (എ) | മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വിശദമാക്കുമോ; | എ) | മലബാറിലെ 20 റോഡുകളുടെ വികസനത്തിനായി 86.17 കോടി (എൺപത്തിയാറു കോടി 17 ലക്ഷം രൂപ) രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | പാക്കേജിൽ ഉൾപ്പെട്ട എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | പാക്കേജിൽ ഉൾപ്പെടുത്തിയ 20 റോഡുകളുടെയും വികസന പദ്ധതികൾ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ ടൂറിസം ഡസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ വികസനം സംബന്ധിച്ച് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.53 22-12-2010- ൽ മറുപടിയ്ക്ക്

## തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. കെ ബാബു :

ശ്രീ.പി.സി.വിഷ്ണുനാഥ്

മറുപടി

ശ്രീ. എസ്. ശർമ്മ:

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ രൂപീകരിച്ച തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ? | (എ)സംസ്ഥാനത്തെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും കൂടുതൽ ഫണ്ട് സ്വരൂപിച്ച് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഈ കോർപ്പറേഷൻ ഓഹരി മൂലധനമായി ഇതു വരെ എത്ര കോടി രൂപ സമാഹരിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) കോർപ്പറേഷന് ഓഹരി മൂലധനമായി 34 ലക്ഷം രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. നടപ്പു വർഷത്തെ സംസ്ഥാന ബഡ്ജററിൽ അനുവദിച്ചിരുന്ന ഒരു കോടി രൂപയിൽ 25 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി)മത്സ്യമേഖലയുടെ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ; | (സി) കേരളത്തിന്റെ തീരപ്രദേശങ്ങളുടെ വികസനത്തിനായി സർക്കാർ രൂപം നൽകിയ സമഗ്ര തീരദേശ വികസന പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. കുടിവെള്ള വിതരണം, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ. |

| | |
|---|---|
| | ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ് ലൈററുകൾ, മത്സ്യമാർക്കററ് മുതലായവയുടെ നിർമ്മാണ - പുനരുദ്ധാരണ പ്രവൃത്തികളാണ് വിവിധ ജില്ലകളിലായി നടപ്പിലാക്കി വരുന്നത്. ഇതു കൂടാതെ ആർ.കെ.വി.വൈ പ്രകാരം കാസർഗോഡ് ജില്ലയിൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പദ്ധതി, ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുമായി കൊല്ലം ശക്തികുളങ്ങരയിൽ നളപാകം പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനം പരിശീലിപ്പിക്കുന്നതിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ എന്നീ വിവിധങ്ങളായ പ്രവർത്തനങ്ങൾ കൂടി മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി)ഈ വർഷം ഏതൊക്കെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ? | (ഡി)2010-11 വർഷത്തിൽ സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം എറണാകുളം ജില്ലയിൽ 4.63 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളും, ആലപ്പുഴ ജില്ലയിൽ 3.47 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളും തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. കൂടാതെ നടപ്പു വർഷം ഈ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികൾക്ക് മാത്രമായി 9.5 കോടി അടങ്കൽ വരുന്ന പദ്ധതികൾ കൂടി എറണാകുളം, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.<br>തിരുവനന്തപുരം(പാങ്ങോട്), പത്തനംതിട്ട, മൂവാററുപുഴ, ആലുവ, ഞനാരത്ത് പറവൂർ എന്നിവിടങ്ങളിൽ ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ ആകെ 1130 ലക്ഷം രൂപ അടങ്കൽ വരുന്ന 5 ആധുനിക മത്സ്യമാർക്കററുകളുടെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ 8 തീരദേശ ജില്ലകളിലായി 14 മത്സ്യവിജ്ഞാന കേന്ദ്രങ്ങളുടെ നിർമ്മാണവും. |

| | |
|---|---|
| | ആഴക്കടൽമത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി 7 തീരദേശ ജില്ലകളിൽ 'ആഴക്കടൽ മത്സ്യബന്ധന പദ്ധതിയും'. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മത്സ്യബന്ധനയാനങ്ങളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 66 ലക്ഷംരൂപ ചെലവ് വരുന്ന പദ്ധതിയും ഈ വർഷം നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുന്നു. നെയ്യാർഡാമിലെ അക്വേറിയം കോംപ്ലക്സിന്റെ നിർമ്മാണം, സാറ്റലൈറ്റ് ഫാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, മലമ്പുഴ അക്വേറിയം കോംപ്ലക്സ് എന്നിവയുടെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നതും കോർപ്പറേഷനാണ്. കൂടാതെ 5 കോടി രൂപ ചെലവ് വരുന്ന 7 ഡ്രൈഫിഷ് യൂണിററുകളുടേയും, എറണാകുളം ജില്ലയിൽ ബ്രോഡ്‌വേയിൽ 150 ലക്ഷംരൂപ അടങ്കൽ തുക വരുന്ന ആധുനിക മത്സ്യമാർക്കററിന്റേയും നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ദേശീയ മത്സ്യവികസന ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 55 — 22.12.2010- ൽ മറുപടിക്ക്.

## കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എം. മോനായി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | : (എ) ഉണ്ട്. കുറ്റകൃത്യങ്ങൾ തടയുവാനും പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം സൗഹൃദപരവും, ദൃഢവുമാക്കുന്നതിനും, ക്രമസമാധാന പരിപാലനത്തിൽ ഗുണപരമായ വലിയ മാറ്റം സൃഷ്ടിക്കുന്നതിനും, ക്രമസമാധാനം സംബന്ധിച്ച് ഏതു വിവരവും ഉടനടി ഭയലേശമില്ലാതെ പോലീസിന് നൽകുന്നതിന് ജനങ്ങളെ പ്രാപ്തമാക്കുവാനും കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി മൂലം കഴിഞ്ഞിട്ടുണ്ട്. |
| (ബി) എത്ര പോലീസ് സ്റ്റേഷനുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : (ബി) ഒന്നും രണ്ടും ഘട്ടങ്ങളിലായി 43 സ്റ്റേഷനുകളിലും മൂന്നാം ഘട്ടത്തിൽ 105 പോലീസ് സ്റ്റേഷനുകളിലും കൂടി ആകെ സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലായി , 148 പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |

(മറുപുറം)

(സി) ഓരോ സ്റ്റേഷൻ അതിർത്തിയിലേയും അപരിചിതരെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ;

: (സി) അപരിചിതരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, അവരെ നിരീക്ഷിക്കുന്നതിനും കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു. ജനമൈത്രി പദ്ധതിയിലെ ബീറ്റ് ഓഫീസർമാർ മുഖാന്തിരം ജനങ്ങളുമായി സഹകരിച്ച് ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയിൽ എല്ലാ മേഖലകളിൽ നിന്നുമുള്ള തദ്ദേശവാസികളുടെ സഹകരണം ലഭിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

: (ഡി) തദ്ദേശവാസികളുടെ മികച്ച സഹകരണം ലഭിക്കുന്നുണ്ട്.

(ഇ) കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര സെമിനാറിൽ കേരളത്തിലെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

: (ഇ) ഉണ്ട്.

കേരളത്തിലെ കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ച് കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രതിനിധികൾക്ക് ബോദ്ധ്യമാകുംവിധം വിശദീകരണങ്ങൾ നൽകിയിട്ടുള്ളതും അത് വിദേശ രാജ്യ പ്രതിനിധികളുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 57 — 22.12.10-ൽ മറുപടിയ്ക്ക്

## നഗരസഭ, നഗരാസൂത്രണ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയ പരിശീലനം

### ചോദ്യം

ശ്രീ. സി.കെ.പി പത്മനാഭൻ
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ.ജോർജ് എം. തോമസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

(എ) നഗരസഭകളിലെയും നഗരാസൂത്രണ വകുപ്പിലെയും സങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ധരുടെ സഹകരണത്തോടെ ആവിഷ്കരിച്ച പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ;

### ഉത്തരം

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി.)

(എ) സിംഗപ്പൂരിലെ ടെമാസെക് (TEMASEK) ഫൗണ്ടേഷനും സിംഗപ്പൂർ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സിംഗപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസും സംസ്ഥാന തദ്ദേശ സ്വയം ഭരണവകുപ്പും സംയുക്തമായി ആവിഷ്ക്കരിച്ചിട്ടുള്ള ''നഗരഭരണ - മാനേജ്മെന്റ് പങ്കാളിത്ത പരിപാടി'' (Urban Governance and Management Partnership Programme) യുടെ ഭാഗമായിട്ടാണ് നഗരാസൂത്രണ വകുപ്പിലെയും തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിലെയും സാങ്കേതിക വിഭാഗ ഉദ്യോഗസ്ഥർക്ക് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ധരുടെ സഹകരണത്തോടെ പരിശീലന പരിപാടി സംഘടിപ്പിച്ചത്.

''നഗര ഭരണ - മാനേജ്മെന്റ് പങ്കാളിത്ത പരിപാടി'' യുടെ ഭാഗമായി നഗരഭരണവുമായി ബന്ധപ്പെട്ട 4 പ്രധാന മേഖലകളിൽ 8 പ്രാദേശിക പരിശീലനങ്ങളാണ് (4 എണ്ണം തിരുവനന്തപുരത്തുവച്ചും, 4 എണ്ണം കോഴിക്കോട്ടുവച്ചും) ആവിഷ്കരിച്ചിട്ടുള്ളത്. നഗരാസൂത്രണവും വാട്ടർഫ്രണ്ട് മാനേജ്മെന്റും ആസ്തി-വിഭവ പരിപാലനം, ഖരമാലിന്യ പരിപാലനം, ജലമാനേജ്മെന്റ് എന്നീ 4 മേഖലകളാണ് പരിശീലനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ആദ്യപടിയായി നഗരാസൂത്രണ വാട്ടർഫ്രണ്ട് മാനേജ്മെന്റ്, ആസ്തി വിഭവ

പരിപാലനം എന്നീ മേഖലകളിലായി 4 പരിശീലനങ്ങൾ സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തിരുവനന്തപുരത്തും, കോഴിക്കോടും വച്ച് യഥാക്രമം നവംബർ 8-11, 22-25 തീയതികളിൽ നടത്തുകയുണ്ടായി. നഗരാസൂത്രണം, വാട്ടർ ഫ്രണ്ട് മാനേജ്മെന്റ്, ആസ്തി-വിഭവ പരിപാലനം എന്നീ മേഖലകളിൽ നഗരാസൂത്രണ വകുപ്പിലേയും നഗരഭരണവകുപ്പിലേയും സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു പ്രസ്തുത പരിശീലനം. ഓരോ പരിശീലനത്തിലും 16 പേർ വീതം 4 പരിശീലനങ്ങളിലായി മൊത്തം 64 ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി. ഇതിൽ 40 പേർ നഗരാസൂത്രണവകുപ്പിൽ നിന്നും 12 പേർ വീതം തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാരാണ്. സിംഗപ്പൂരിൽ നിന്നുള്ള 14 അംഗ വിദഗ്ധ സംഘമാണ് പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിയത്.

(ബി) എതെല്ലാം മേഖലകളിലാണ് പരിശീലനം നൽകുന്നത്;

(ബി) താഴെപറയുന്ന 4 പ്രധാനമേഖലകളെ കേന്ദ്രീകരിച്ചാണ് പരിശീലനം നൽകുന്നത്.

(i) നഗരാസൂത്രണവും വാട്ടർ ഫ്രണ്ട് മാനേജ്മെന്റും (Urban & Waterfront Planning)

(ii) ആസ്തി-വിഭവ പരിപാലനം (Facilities Management)

(iii) ഖരമാലിന്യ പരിപാലനം ( Solid Waste Management)

(iv) ജലമാനേജ്മെന്റ് (Water Management)

(സി) ഈ മേഖലകളിൽ പരിശീലനം നൽകുന്നതിന് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ധരുടെ സഹകരണം നേടിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സുസ്ഥിര നഗരാസൂത്രണത്തിൽ ലോകത്തെ ഏറ്റവും മികച്ച അനുകരണീയ മാതൃകയാണ് സിംഗപ്പൂർ. കൂടാതെ കേരളത്തിലേതിനു സമാനമായ കാലാവസ്ഥയും സാഹചര്യങ്ങളുമുള്ള പ്രദേശമായതിനാൽ പ്രായോഗികമായി അവിടുത്തെ നഗരാസൂത്രണത്തിന് ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ

നമുക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിലാണ് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ധരുടെ സേവനം ഇത്തരം പരിശീലന പരിപാടിക്ക് ഉപയോഗപ്പെടുത്തുന്നത്. മാത്രമല്ല ഈ പരിശീലന പരിപാടിക്ക് സിംഗപ്പൂരിന്റെ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കുന്നതിന് ടെമാസെക് ഫൗണ്ടേഷൻ 8,63,508 സിംഗപ്പൂർ ഡോളർ ഗ്രാന്റായി ഈ പരിപാടിയുടെ നടത്തിപ്പിന് ചുമതലയുള്ള സിംഗപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസിന് അനുവദിച്ചിട്ടുമുണ്ട്.

(ഡി) പരിശീലന പരിപാടിക്ക് സിംഗപ്പൂർ സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) സിംഗപ്പൂർ സർക്കാരിന്റെ സാമ്പത്തിക സഹായം പരിപാടികൾക്ക് നേരിട്ടു ലഭിക്കുന്നില്ല. പകരം സംസ്ഥാനത്ത് വച്ച് നടക്കുന്ന 8 പ്രാദേശിക പരിശീലനങ്ങൾക്ക് പ്രസ്തുത മേഖലകളിലെ സിംഗപ്പൂരിന്റെ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കുന്നതിന് ടെമാസെക് ഫൗണ്ടേഷൻ 8,63,508 സിംഗപ്പൂർ ഡോളർ ഗ്രാന്റായി സിംഗപ്പൂരിലെ ഈ പരിശീലന പരിപാടികളുടെ സംഘാടകരായ സിംഗപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസിന് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 58 | 22.12.2010-ൽ മറുപടിക്ക്

## കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.വിശ്വൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ആദ്യഘട്ട ശുപാർശ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 9891 ഗുണഭോക്താക്കളുടെ 11,82,60,000/- (പതിനൊന്നു കോടി എൺപത്തിരണ്ടു ലക്ഷത്തി അറുപതിനായിരം) രൂപയുടെയും എൻ.സി.ഡി.സി വായ്പ ഇനത്തിൽ 48355 മത്സ്യത്തൊഴിലാളികളുടെ 115,03,49,024/- (നൂറ്റിപ്പതിനഞ്ചു കോടി മൂന്ന് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി ഇരുപത്തി നാലു) രൂപയുടെയും ഉന്നതാധികാര കമ്മീഷന്റെ ഒന്നാം ഘട്ട ശുപാർശയുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) എത്ര കോടി രൂപയുടെ കടാശ്വാസമാണ് അനുവദിച്ചത്, എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; | ബി) 126,86,09,024 (നൂറ്റി ഇരുപത്തി ആറു കോടി എൺപത്തി ആറു ലക്ഷത്തി ഒൻപതിനായിരത്തി ഇരുപത്തിനാലു രൂപ) രൂപയുടെ കടാശ്വാസമാണ് അനുവദിച്ചത്. 58246 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. |
| സി) കമ്മീഷന്റെ രണ്ടാംഘട്ട ശുപാർശയുടെ വിശദാംശം നൽകുമോ; ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | സി) 1969 ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ റിപ്പോർട്ടും (ജൂലൈ 2010), എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവിടങ്ങളിൽനിന്ന് മത്സ്യ ഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പകളിന്മേലും മത്സ്യത്തൊഴിലാളി വികസന ക്ഷേമ |

സഹകരണ സംഘങ്ങൾ അവരുടെ തനത് ഫണ്ട് വിനിയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പകളിന്മേലും 253.59 കോടി രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിനുള്ള മൂന്നാമത് ശുപാർശ റിപ്പോർട്ടും (ആഗസ്റ്റ് 2010) 2.9.2010 ൽ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. രണ്ട് റിപ്പോർട്ടുകളിലെയും ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. രണ്ടു റിപ്പോർട്ടുകളിലെയും ശുപാർശകൾ അംഗീകരിച്ച് 253.59 കോടി രൂപയുടെ കടാശ്വാസം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (6.12.2010 ലെ സ.ഉ.(അച്ചടി) നമ്പർ 91/2010/ഫി.തു.വ.)

ഡി) ശുപാർശ നടപ്പാക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

ഡി) കടാശ്വാസ ഇനത്തിൽ ആകെ 480 കോടിയിലേറെ രൂപ അനുവദിക്കാൻ ഇതിനകം ഉത്തരവായിട്ടുണ്ട്. കൂടുതൽ തുക ആവശ്യമെങ്കിൽ അത് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. 1,20,000 ത്തോളം പേർക്ക് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കും. രണ്ടാം ഘട്ട ശുപാർശ നടപ്പാക്കുന്നതു വഴി മത്സ്യത്തൊഴിലാളികൾക്ക് 253.59 കോടി രൂപയുടെ കടാശ്വാസം ലഭിക്കും. ഏകദേശം 60,000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. മൊത്തം നിശ്ചയിച്ച തുകയിൽ 100 കോടി രൂപ ഈ വർഷം നൽകും. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡു കടാശ്വാസ തുക നൽകി കഴിഞ്ഞാൽ ഉടൻ തന്നെ മത്സ്യത്തൊഴിലാളികൾ നൽകിയ ജാമ്യ രേഖകൾ/പ്രമാണങ്ങൾ സർക്കാർ ഗ്യാരണ്ടിയിന്മേൽ ബന്ധപ്പെട്ടവർക്ക് ഒരു മാസത്തിനകം മത്സ്യഫെഡ്/ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ/സഹകരണ ബാങ്കുകൾ തിരികെ നൽകണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇ) ദേശസാൽകൃത ബാങ്കുകളിൽ നിന്ന് എടുത്ത വായ്പകൾക്ക് കൂടി ആശ്വാസം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇ) മൂന്നാമത്തെ ഘട്ടമായി കടാശ്വാസ കമ്മീഷൻ ഇത് പരിശോധിക്കുന്നതാണ്.

[illegible signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 59.** **22.12.2010-ൽ മറുപടിക്ക്.**

# തീരദേശ സംരക്ഷണം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ബി. രാഘവൻ. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ.<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) തീരദേശ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി സ്വീകരി ച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) തീരദേശ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ ആദ്യഘട്ടത്തിൽ എട്ടും രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം, നീണ്ടകര, ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, തലങ്ങര എന്നീ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പ്രവർത്തനം ആരംഭിച്ച പോലീസ് സ്റ്റേഷനുകളിൽ നിന്ന് ദിവസവും തീരദേശ സുരക്ഷ പട്രോളിങ് നടത്തിവരുന്നു. പട്രോളിങിനായി കേന്ദ്ര സർക്കാർ രണ്ടു ഘട്ടങ്ങളിലായി 44 ബോട്ടുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 24 ബോട്ടുകൾ ലഭിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമായ തസ്തികകളിലേയ്ക്കും ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക തൊഴിലാളികളുടെ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി 74 കടലോര ജാഗ്രതാസമിതികളും 2 കായലോര ജാഗ്രതാസമിതികളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പോലീസ്, നാവികസേന, കോസ്റ്റ്ഗാർഡ്, എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള ചുമതല കോസ്റ്റ് ഗാർഡിനാണ്. |
| (ബി) തീരദേശ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ? | (ബി) ഉണ്ട്. |

| | | |
|---|---|---|
| (സി) | ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടു ണ്ടോ? | (സി) വിലയിരുത്തിയിട്ടുണ്ട്. കടലോര ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. പ്രസ്തുത സമിതികൾ കാലാകാലങ്ങളിൽ യോഗങ്ങൾ കൂടുകയും തീരദേശസുരക്ഷയും മറ്റ് അനുബന്ധ വിഷയങ്ങളും ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഡി) | തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? കടലിൽ റോന്തുചുറ്റുന്നതിന് എത്ര ഹൈ സ്പീഡ് ബോട്ടുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) രണ്ടുഘട്ടങ്ങളിലായി കേന്ദ്രസർക്കാർ 18 തീരദേശ പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽ വിഴിഞ്ഞം, നീണ്ടകര, ഫോർട്ട് കൊച്ചി, അഴിക്കോട്, ബേപ്പൂർ, തലശ്ശേരി എന്നീ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടമായി അനുവദിച്ച 8 പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ തസ്തികകൾ സംസ്ഥാന സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തസ്തികകൾ നികത്തിവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക തൊഴിലാളികളുടെ നിയമനത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി ഓരോ സ്റ്റേഷനിലും രണ്ട് ടാറ്റാ സ്പേഷിയോ വാഹനങ്ങളും മൂന്നു മോട്ടോർ സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കേന്ദ്ര സർക്കാർ എട്ട് 5-ടൺ ബോട്ടുകളും പതിനാറ് 12-ടൺ ബോട്ടുകളും രണ്ടാം ഘട്ടത്തിൽ ഇരുപത് 12-ടൺ ബോട്ടുകളും ആണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**